LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സി. ദിവാകരൻ, പ്രതിപക്ഷ നേതാവ് എഴുന്നേറ്റുനിൽക്കുകയാണ്. .....(ബഹളം)..... ഈ പറയുന്നതൊന്നും റെക്കോർഡിലുണ്ടാകുകയില്ല. പിന്നെ എന്തിനാണ് അങ്ങോട്ടുമിങ്ങോട്ടുംനിന്ന് ബഹളമുണ്ടാക്കുന്നത്. ഇതൊന്നും രേഖയിലുണ്ടാകുകയില്ല. അപ്പോൾ എന്തിനാണ് പരസ്പരം പറയുന്നത്? ബഹുമാനപ്പെട്ട സി. ദിവാകരൻ, അങ്ങ് ഒരു ക്രമപ്രശ്നം ഉന്നയിച്ചു. അതിനെ അതിന്റേതായ സീരിയസ്സിൽത്തന്നെയാണ് സഭയെടുത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെ സംബന്ധിച്ച് പറയുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. ഇനി എന്താണ് വേണ്ടത്? .....(ബഹളം).....

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാമർശം സഭാരേഖകളിലുണ്ടാകാൻ പാടില്ലായെന്നുള്ളതാണ് ഞാൻ ആവശ്യപ്പെടുന്നത്. അതാണ് ഡെപ്യൂട്ടി സ്പീക്കർ പ്രാഥമികമായി ചെയ്യേണ്ടത്.

III റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ഇത് ഇന്നലെ ഉന്നയിക്കേണ്ടതായിരുന്നു. പത്രങ്ങളിലെല്ലാം വാർത്ത വന്നു. ഇന്നലെ സഭ പിരിഞ്ഞതിനുശേഷമാണ് എഴുതിത്തന്നത്. .....(ബഹളം)..... ബഹുമാനപ്പെട്ട സി. ദിവാകരൻ, ഇത് എല്ലാ പത്രങ്ങളിലും വാർത്താ ചാനലുകളിലും വന്നുകഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനോട് ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. ..... (ബഹളം)..... നിങ്ങൾ ഒരുതരത്തിലും സഭ നടത്തിക്കൊണ്ടുപോകാൻ അനുവദിക്കില്ലായെന്നൊരു നിലപാട് എടുക്കുന്നതിൽ ഖേദമുണ്ട്. അങ്ങനെയൊരു നിലപാട് എടുക്കരുത്. ദയവുചെയ്ത് സഭ നടത്തിക്കൊണ്ടുപോകാൻ അനുവദിക്കില്ല എന്നൊരു നിലപാടിലേയ്ക്ക് വരരുത്. അത് നമ്മുടെ നിയമസഭയ്ക്ക് യോജിച്ചതല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ അത് പറഞ്ഞിട്ടുണ്ടെങ്കിൽ ഇന്ന് അതിന് ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. അതോടുകൂടി ആ പ്രശ്നം തീർന്നു. ..... (ബഹളം)..... രേഖയിൽ ഇത് വരുമ്പോൾ മുഖ്യമന്ത്രി പ്രകടിപ്പിച്ച ഖേദവുമുണ്ടാകും. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവേ, ഈ വിഷയം സംബന്ധിച്ച് ഇനിയൊരു ബഹളം വേണോ. മുഖ്യമന്ത്രി ഖേദം പ്രകടിപ്പിച്ചു. അതോടുകൂടി ആ പ്രശ്നം തീർന്നു. .....(ബഹളം).....

(സി.പി.ഐ.-യെപ്പറ്റിയുള്ള പരാമർശം സഭാരേഖകളിൽനിന്ന് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിന് മുമ്പിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു.)

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ വന്ന് സംസാരിക്കാൻ പറ്റില്ല. സംസാരിക്കണമെങ്കിൽ സീറ്റിലിരുന്ന് സംസാരിക്കണം. .....(ബഹളം)..... സഭാനടപടികൾ അൽപ്പസമയത്തേയ്ക്ക് നിറുത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 9.48-ന് അൽപ്പസമയത്തേയ്ക്ക് സഭാനടപടികൾ നിറുത്തിവച്ചു.).

11.00 AM]

[രാവിലെ 09.48 ന് നിർത്തിവച്ച സഭ 11.05 -ന് പുനരാരംഭിച്ചു.]

IV അറിയിപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ നടന്ന സംഭവത്തെത്തുടർന്ന് ഭരണപക്ഷവും പ്രതിപക്ഷവുമായി ഞാൻ സംസാരിച്ചു. പക്ഷേ, ഇരുവിഭാഗത്തിനും യോജിച്ച ഒരു തീരുമാനത്തിൽ എത്താൻ കഴിഞ്ഞിട്ടില്ല. ഇന്നലെ ഇവിടെ നടന്ന സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ ഇന്ന് സഭയിൽ ക്രമപ്രശ്നമുന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. ഇനിയും അതിനെത്തുടർന്ന് ഒരു ചർച്ചയിലേയ്ക്ക് പോകരുത് എന്നാണ് ചെയറിന്റെ അഭിപ്രായം. ഒരു കാര്യം ചെയർ ശ്രദ്ധയിൽ കൊണ്ടുവരട്ടെ; ഗവൺമെന്റ് ബിസിനസ് നടത്തിക്കൊടുക്കുവാനുള്ള ഉത്തരവാദിത്തം ചെയറിനുണ്ട്. അതെല്ലാവരും മനസ്സിലാക്കണം, സഹകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെയും ഖേദപ്രകടനത്തിന്റെയും അടിസ്ഥാനത്തിൽ ആ പ്രശ്നം തീർന്നതായി അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, സഭാ നടപടിച്ചട്ടം 307 അനുസരിച്ച് അപകീർത്തികരമായ പരാമർശങ്ങൾ ഉണ്ടായാൽ അതു സംബന്ധിച്ച് കൈകാര്യം ചെയ്യേണ്ട രീതിയിൽ ബഹുമാനപ്പെട്ട ചെയർ കൈകാര്യം ചെയ്യാതിരിക്കുന്ന സാഹചര്യത്തിൽ, അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ടതുള്ളതിനാൽ സഖാവ് ശർമ്മയെ ഇവിടെ ഇരുത്തിക്കൊണ്ട്, ഈ നിലപാടിലുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. സി. ദിവാകരൻ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേൽ ബഹുമാനപ്പെട്ട ചെയർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എസ്. ശർമ്മ ഒഴികെയുള്ള പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചെത്തുകയും ചെയ്തു.)

LIBRARY ARCHIVES Kerala Legislative Assembly